ടി.കെ ഉബൈദ്



സൂറ - 43

# അസ്സുഖ്റുഫ്

### സൂക്തം 43-45

ഈ ഖുർആൻ പ്രവാചകന്നും പ്രവാചകന്റെ സമൂഹത്തിനും വലിയ കീർത്തിയും പ്രശസ്തിയും സൃഷ്ടിക്കുന്നതാണ്. കാരണം, ലോകാവസാനം വരെ തനതു രൂപത്തിൽ നിലനിൽക്കുന്ന വേദമാണ് ഖുർആൻ. അത് അറബി ഭാഷയിലായതിനാൽ ആ ഭാഷയും ലോകാവസാനം വരെ തനതു രൂപത്തിൽ നിലനിൽക്കുമെന്നുറപ്പ്.

فَٱسْتَمْسِكْ بِٱلَّذِىٓ أُوحِىَ إِلَيْكَ ۖ إِنَّكَ عَلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿٤٣﴾

*43*
*ആകയാൽ നീ ദിവ്യബോധനം ചെയ്യപ്പെടുന്ന സന്ദേശം മുറുകെപ്പിടിച്ചു കൊള്ളുക. തീർച്ചയായും നീ നേർമാർഗത്തിൽ തന്നെയാകുന്നു.*

| | |
|---|---|
| ആകയാൽ നീ മുറുകെപ്പിടിച്ചുകൊള്ളുക | فَاسْتَمْسِكْ |
| നിന്നിലേക്ക് ദിവ്യബോധനം ചെയ്യപ്പെടുന്നത് (ന്ന സന്ദേശം) | بِالَّذِي أُوحِيَ إِلَيْكَ |
| തീർച്ചയായും നീ നേർമാർഗത്തിൽ (തന്നെ) ആകുന്നു | إِنَّكَ عَلَى صِرَاطٍ مُّسْتَقِيمٍ |

തന്നെ നിഷേധിക്കുന്നവരുടെ ഭാവിയോർത്ത് പ്രവാചകൻ വിഷമിക്കേണ്ടതില്ല. അവർ പ്രവാചകന്റെ ജീവിത കാലത്തോ അദ്ദേഹത്തിന്റെ കാലശേഷമോ ശിക്ഷിക്കപ്പെടുന്നതും രക്ഷിക്കപ്പെടുന്നതും പ്രവാചകനെ ബാധിക്കുന്ന വിഷയം അല്ല. തനിക്ക് ലഭിച്ച ദിവ്യബോധനം മുറുകെപ്പിടിച്ചു മുന്നോട്ടുപോവുകയാണ് പ്രവാചകൻ വേണ്ടത്. ബോധനം ചെയ്യപ്പെട്ടതിനെ മുറുകെപ്പിടിക്കുക -استمسك بالذي أوحي- എന്നാൽ ദിവ്യസന്ദേശമായി ലഭിച്ച ആശയാദർശങ്ങളിൽ ദൃഢമായി വിശ്വസിക്കുകയും അത് ജനങ്ങളിൽ പ്രബോധനം ചെയ്യുകയും അതിന്റെ താൽപര്യപ്രകാരമുള്ള ജീവിതക്രമം സ്വീകരിക്കുകയുമാണ്. അങ്ങനെ ചെയ്യുമ്പോൾ ഒരു സംശയവും വേണ്ട, പ്രവാചകൻ ചരിക്കുന്നത് ഏറ്റം വിശിഷ്ടമായ സന്മാർഗത്തിൽ തന്നെയാകുന്നു. ●

وَإِنَّهُۥ لَذِكْرٌ لَّكَ وَلِقَوْمِكَ ۖ وَسَوْفَ تُسْـَٔلُونَ ﴿٤٤﴾

*44*
*ഈ ഖുർആൻ നിനക്കും നിന്റെ സമുദായത്തിനുമുള്ള ഉദ്ബോധനമാകുന്നു. പിന്നീട് അതെക്കുറിച്ച് നിങ്ങൾ വിചാരണ ചെയ്യപ്പെടുന്നതാകുന്നു.*

| | |
|---|---|
| തീർച്ചയായും അത് (ഈ ഖുർആൻ) | وَإِنَّهُ |
| നിനക്കും നിന്റെ സമുദായത്തിനുമുള്ള ഉദ്ബോധനമാകുന്നു, കീർത്തിയാകുന്നു | لَذِكْرٌ لَّكَ وَلِقَوْمِكَ |
| പിന്നീട് നിങ്ങൾ ചോദിക്കപ്പെടും (അതെക്കുറിച്ചു വിചാരണ ചെയ്യപ്പെടുന്നതാകുന്നു) | وَسَوْفَ تُسْأَلُونَ |

**ഈ ഖുർആൻ പ്രവാചകന്നും പ്രവാചകന്റെ സമുദായത്തിനും മഹത്തായ ഉദ്ബോധനമാകുന്നു. ഈ ബോധനത്തോട് എന്ത് സമീപനം സ്വീകരിച്ചുവെന്ന് പരലോകത്ത് വിചാരണാ വേളയിൽ ഉദ്ബോധിതർ ചോദ്യം ചെയ്യപ്പെടുന്നതാണ്.**

إِنَّهُ 'തീർച്ചയായും അത്" എന്നു പറയുന്നത് ഖുർആനിനെയാണ്. ഇവിടെ ഉദ്ബോധനമാണ് ذكر. വചനസാരം: ഈ ഖുർആൻ പ്രവാചകന്നും പ്രവാചകന്റെ സമുദായത്തിനും മഹത്തായ ഉദ്ബോധനമാകുന്നു. ഈ ബോധനത്തോട് എന്തു സമീപനം സ്വീകരിച്ചുവെന്ന് പരലോകത്ത് വിചാരണാവേളയിൽ ഉദ്ബോധിതർ ചോദ്യം ചെയ്യപ്പെടുന്നതാണ്. ഈ സംഗതി 7: 6-7-ൽ ഇപ്രകാരമാണ് അവതരിപ്പിച്ചിട്ടുള്ളത്:

فَلَنَسْأَلَنَّ الَّذِينَ أُرْسِلَ إِلَيْهِمْ وَلَنَسْأَلَنَّ الْمُرْسَلِينَ ﴿٦﴾
فَلَنَقُصَّنَّ عَلَيْهِم بِعِلْمٍ ۖ وَمَا كُنَّا غَائِبِينَ ﴿٧﴾

"ആകയാൽ ഓർത്തിരിക്കുക: ദൈവദൂതന്മാർ അയക്കപ്പെട്ട ജനതകളെയും നിയുക്തരായ ദൈവദൂതന്മാരെയും നാം തീർച്ചയായും വിസ്തരിക്കുന്നതാകുന്നു. കഴിഞ്ഞുപോയ സംഭവങ്ങളൊക്കെയും അപ്പോൾ നാം തന്നെ തികഞ്ഞ ജ്ഞാനത്തോടെ അവർക്കു വിവരിച്ചുകൊടുക്കുന്നു. നാം എങ്ങും മറഞ്ഞുപോയിട്ടൊന്നും ഉണ്ടായിരുന്നില്ല."

ചില പണ്ഡിതന്മാർ ഈ സൂക്തത്തിലെ ذكر-ന് കീർത്തി, പ്രശസ്തി എന്ന് അർഥം കൽപിച്ചുകൊണ്ട് ഇങ്ങനെ വ്യാഖ്യാനിച്ചിരിക്കുന്നു: ഈ ഖുർആൻ പ്രവാചകന്നും പ്രവാചകന്റെ സമൂഹത്തിനും വലിയ കീർത്തിയും പ്രശസ്തിയും സൃഷ്ടിക്കുന്നതാണ്. കാരണം, ലോകാവസാനം വരെ തനതു രൂപത്തിൽ നിലനിൽക്കുന്ന വേദമാണ് ഖുർആൻ. അത് അറബി ഭാഷയിലായതിനാൽ ആ ഭാഷയും ലോകാവസാനം വരെ തനതു രൂപത്തിൽ നിലനിൽക്കുമെന്നുറപ്പ്. ഇത്തരമൊരു മഹാവേദത്തിന്റെയും വേദഭാഷയുടെയും വാഹകരും വക്താക്കളുമായിരിക്കുന്നുവെന്നത് പ്രവാചകന്നും അദ്ദേഹത്തിന്റെ സമൂഹത്തിനും എക്കാലത്തും വലിയ കീർത്തിയും അഭിമാനവുമാകുന്നു. ഈ വ്യാഖ്യാനവും സംഗതമാകുന്നു. എങ്കിലും ആദ്യത്തെ വ്യാഖ്യാനമാണ് മുൻഗണനനാർഹം. രണ്ടു വ്യാഖ്യാനങ്ങളോടും യോജിക്കുന്നതാണ് وَسَوْفَ تُسْأَلُونَ എന്ന പിൻവാക്യം. ●

وَسْـَٔلْ مَنْ أَرْسَلْنَا مِن قَبْلِكَ مِن رُّسُلِنَآ أَجَعَلْنَا مِن دُونِ ٱلرَّحْمَٰنِ ءَالِهَةً يُعْبَدُونَ ﴿٤٥﴾

*45*
*നിനക്കു മുമ്പ് നാം അയച്ചിട്ടുള്ള ദൈവദൂതന്മാരോട് ഒന്നു ചോദിച്ചു നോക്കുക: പരമ കാരുണികനെക്കൂടാതെ ആരാധിക്കപ്പെടുന്ന ദൈവങ്ങളെ നാം അവർക്കു നിശ്ചയിച്ചുകൊടുത്തിട്ടുണ്ടോ?*

| | |
|---|---|
| നീ (ഒന്ന്) ചോദിച്ചു നോക്കുക | وَاسْأَلْ |
| നിനക്കു മുമ്പ് നാം അയച്ചിട്ടുള്ളവരോട് | مَنْ أَرْسَلْنَا مِن قَبْلِكَ |
| നമ്മുടെ ദൂതന്മാരാൽ (ദൈവദൂതന്മാരോട്) | مِن رُّسُلِنَا |
| നാം ആക്കിയിട്ടുണ്ടോ? (അവർക്ക് നിശ്ചയിച്ചു കൊടുത്തിട്ടുണ്ടോ?) | أَجَعَلْنَا |
| പരമ കാരുണികനെക്കൂടാതെ | مِن دُونِ الرَّحْمَٰنِ |
| ആരാധിക്കപ്പെടുന്ന (പ്പെടാൻ) ദൈവങ്ങളെ | آلِهَةً يُعْبَدُونَ |

ഇവിടെ ചോദിക്കാൻ കൽപിക്കുന്നത് പ്രവാചകനോടാണെങ്കിലും യഥാർഥത്തിൽ ലക്ഷ്യമാക്കുന്നത് ഈ സൂക്തം വായിക്കുകയും കേൾക്കുകയും ചെയ്യുന്ന എല്ലാവരും, വിശേഷിച്ചും ബഹുദൈവവിശ്വാസികൾ ആണ്. പൂർവ പ്രവാചകന്മാരെല്ലാം പ്രബോധനം ചെയ്തിട്ടുള്ളത് ഏകദൈവ വിശ്വാസവും ആരാധനയുമാണെന്ന കാര്യത്തിൽ മുഹമ്മദ് നബിക്കോ അദ്ദേഹത്തിൽ വിശ്വസിച്ച ശിഷ്യന്മാർക്കോ ഒരു സംശയവും ഉണ്ടായിരുന്നില്ല. പക്ഷേ, അദ്ദേഹത്തെ എതിർക്കുന്ന വിഗ്രഹാരാധകർ, തങ്ങളുടെ ബഹുദൈവ വിശ്വാസവും വിഗ്രഹാരാധനയും പൂർവികരിൽനിന്നു ലഭിച്ച വിശിഷ്ട പാരമ്പര്യമാണെന്നും, പൂർവികർക്ക് അതു ലഭിച്ചത് ദൈവത്തിൽനിന്ന് അല്ലെങ്കിൽ ദിവ്യപുരുഷന്മാരിൽനിന്ന് ആണെന്നും വാദിച്ചു. അവരോടു പറയുകയാണ്: എങ്കിൽ, മുഹമ്മദ് നബിക്കു മുമ്പ് അല്ലാഹു അയച്ചിട്ടുള്ള ദൂതന്മാരിലാരോടു വേണമെങ്കിലും ചോദിച്ചു നോക്കുക: കരുണാമയനായ അല്ലാഹുവിനെക്കൂടാതെ മനുഷ്യർക്കാരാധിക്കാൻ മറ്റു ദൈവങ്ങളെ അല്ലാഹു നിശ്ചയിച്ചുകൊടുത്തിട്ടുണ്ടായിരുന്നുവോ എന്ന്. ബഹുദൈവത്വത്തെ സാക്ഷ്യപ്പെടുത്തുന്ന ഒരു പ്രവാചകനെയും കാണാനാവുകയില്ല.

മുഹമ്മദ് നബിയുടെ കാലത്ത് പൂർവ പ്രവാചകന്മാരാരും ജീവിച്ചിരുന്നില്ല. പൂർവപ്രവാചകന്മാരോടു ചോദിച്ചു നോക്കുക എന്നതിന്റെ താൽപര്യം പൂർവ പ്രവാചകന്മാർക്ക് അവതീർണമായ വേദങ്ങൾ പരിശോധിച്ചു നോക്കുക, അഥവാ വേദങ്ങൾ പഠിച്ച വിദ്വാന്മാരോട് ചോദിച്ചു നോക്കുക എന്നാണ്. آلِهَةً يُعْبَدُونَ -ആരാധിക്കപ്പെടുന്ന ദൈവങ്ങൾ- എന്നു പറഞ്ഞത് ആരാധിക്കപ്പെടാത്ത ദൈവങ്ങളെ അനുവദിച്ചിട്ടുണ്ടാവാം എന്ന അർഥത്തിലല്ല. ആരാധിക്കപ്പെടുന്നതെല്ലാം ദൈവങ്ങളാണ് എന്ന അർഥത്തിലാണ്. ദൈവത്തിന്റെ പങ്കാളികളെ -شركاء-ക്കുറിച്ച് ബഹുദൈവാരാധകർക്ക് വ്യത്യസ്ത വീക്ഷണങ്ങളാണുണ്ടായിരുന്നത്: ചിലർ ദൈവവുമായി ദിവ്യത്വ ഗുണങ്ങളെല്ലാം പങ്കുവെക്കുന്നവരാണ്. ചിലരെ ആരാധിച്ചിരുന്നത് അവർ തങ്ങളെ സാക്ഷാൽ ദൈവത്തോടടുപ്പിക്കുന്ന മധ്യവർത്തികളാണ് എന്ന നിലക്കായിരുന്നു. ചിലർ തങ്ങൾക്കുവേണ്ടി ദൈവത്തിങ്കൽ ശിപാർശ സമർപ്പിക്കുന്നവർ -شفعاء لهم- മാത്രമാകുന്നു. എന്തു പേരും പദവിയും കൽപിച്ചാലും, പൂജിക്കപ്പെടുകയും വിളിച്ചു പ്രാർഥിക്കപ്പെടുകയും നേർച്ച വഴിപാടുകളും ആത്യന്തികമായ വിധേയത്വം അർപ്പിക്കപ്പെടുകയും ചെയ്യുന്നവർ അല്ലാഹുവിനെക്കൂടാതുള്ള ദൈവങ്ങൾ തന്നെയാണ്.

ഈ സൂക്തത്തിന്റെ ആശയം കുറെക്കൂടി വ്യക്തമായി 10: 94,95 സൂക്തങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നു. കൂടുതൽ വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക. ●

**പൂർവ പ്രവാചകന്മാരെല്ലാം പ്രബോധനം ചെയ്തിട്ടുള്ളത് ഏകദൈവ വിശ്വാസവും ആരാധനയുമാണെന്ന കാര്യത്തിൽ മുഹമ്മദ് നബിക്കോ അദ്ദേഹത്തിൽ വിശ്വസിച്ച ശിഷ്യന്മാർക്കോ ഒരു സംശയവും ഉണ്ടായിരുന്നില്ല.**